## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1770 — 08.06.2018-ൽ മറുപടിയ്ക്ക്

### സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.സ്വരാജ് | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) സമ്പൂർണ്ണ ശുചിത്വ കേരളമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളെ 2016 നവംബർ 1ന് വെളിയിട വിസർജ്ജനവിമുക്ത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ്. സംസ്ഥാനത്ത് ആകെയുള്ള 93 നഗരസഭ/മുനിസിപ്പൽ കോർപ്പറേഷനുകളിൽ കൊച്ചി കോർപ്പറേഷനൊഴികെയുള്ള നഗരസഭകളും മുനിസിപ്പൽ കോർപ്പറേഷനുകളും വെളിയിടവിസർജന വിമുക്ത പ്രദേശമായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും സുസ്ഥിര വെളിയിടവിസർജ്ജന വിമുക്ത പ്രദേശങ്ങളായി സൂക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ഇതോടൊപ്പം സമ്പൂർണ്ണ ശുചിത്വ കേരളമെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനു താഴെ പറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു.<br>1. സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ പദ്ധതികളുടെ കീഴിൽ നിർമ്മിക്കപ്പെടുന്ന പുതിയ വീടുകളോടനുബന്ധിച്ച് ശൗചാലയങ്ങൾ നിർബന്ധമാക്കുക.<br>2. കേടുപാടുകളുള്ള ഗാർഹിക ശൗചാലയങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കി മാറ്റുക, ഒറ്റക്കുഴി കക്കൂസുകളെ ഇരട്ടക്കുഴി കക്കൂസുകളാക്കുക.<br>3. പൊതു സ്ഥലങ്ങളിൽ ആവശ്യമായ പൊതു ശൗചാലയങ്ങൾ പണിയുക.<br>4. സ്കൂൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ ശൗചാലയങ്ങൾ ആവശ്യമായത്ര എണ്ണം ഉറപ്പാക്കുക.<br>5. സുസ്ഥിരമായ വെളിയിട വിസർജ്ജന വിമുക്ത സംസ്കാരം നിലനിർത്തുന്നതടക്കമുള്ള ബോധവൽക്കരണത്തിനായി ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങൾ മുഖേനയും വിവര-വിജ്ഞാപന-വ്യാപന പ്രവർത്തനങ്ങളും പരിശീലനങ്ങളും സംഘടിപ്പിക്കുക.<br>6.ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള ഉറവിട |

| | | |
|---|---|---|
| | | മാലിന്യ സംസ്കരണ പദ്ധതികൾ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.<br>7. കേന്ദ്രീകൃത മാലിന്യ സംസ്കരണം നടത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ "വേസ്റ്റ് ടു എനർജി" പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്<br>8. കേരളത്തിലെ മാലിന്യ പ്രശ്നങ്ങൾക്ക് സുസ്ഥിരമായ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഹരിതകർമ്മ സേനയെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br>9. അജൈവ മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.), പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ എന്നിവയും സ്ഥാപിച്ചു വരുന്നു<br>10. മാലിന്യത്തിന്റെ അളവു കുറയ്ക്കുക, വസ്തുക്കൾ പരമാവധി പുനരുപയോഗിക്കുകയെന്ന തത്വത്തിലധിഷ്ഠിതമായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>11. ക്ലീൻ കേരള കമ്പനി മുഖേന സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) 941 ഗ്രാമ പഞ്ചായത്തുകളിൽ പുതിയതായി 1,74,720 കുടുംബങ്ങളിൽ വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ നിർമ്മിച്ചു നൽകി. നഗര പ്രദേശങ്ങളിൽ 29578 വ്യക്തിഗത ഗാർഹിക ശൗചാലയവും നിർമ്മിച്ചു. ആവശ്യത്തിന് എണ്ണം കമ്മ്യൂണിറ്റി/പൊതുശൗചാലയങ്ങളും നിർമ്മിച്ചിട്ടുണ്ട്. അജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ 878 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അജൈവ മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.), പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ എന്നിവയും സ്ഥാപിച്ചു വരുന്നു. സംസ്ഥാനത്ത് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 274 എം.സി.എഫ്.കളും, 91 ആർ.ആർ.എഫ്.കളും, 97 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് |

| | |
|---|---|
| | യൂണിറ്റുകളും മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും 1064 ടണ്ണിൽ അധികം ഇ-മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ശേഖരിച്ച് ശാസ്ത്രീയമായി പുന:ചംക്രമണം ചെയ്യുന്നതിന് അംഗീകൃത ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. മാലിന്യത്തിന്റെ അളവു കുറയ്ക്കുക, വസ്തുക്കൾ പരമാവധി പുനരുപയോഗിക്കുകയെന്ന തത്വത്തിലധിഷ്ഠിതമായി സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട് |
| (സി) ഈ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) കേരളത്തിലെ ഗ്രാമപ്രദേശങ്ങളെ വെളിയിടവിസർജ്ജനവിമുക്ത പ്രദേശമായി പ്രഖ്യാപിക്കപ്പെട്ടുകയും നഗരപ്രദേശങ്ങളിലെ ടി പ്രവൃത്തികൾ അന്തിമ ഘട്ടത്തിലുമാണ്. സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടപ്പാക്കി വരുന്നു. വളരെ സമീപഭാവിയിൽ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ